(സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീര സംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കൈയേറിയത് ഒഴിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 116/8-ൽ-പ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനായി കയ്യേറ്റ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന ജോലി നടന്നുവരുന്നു. റിക്കാർഡുകൾ പ്രകാരം റീ-സർവ്വേ നമ്പർ 116/8 സർക്കാർ ഭൂമിയാണ്.

(ബി) 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം B ഫോം നോട്ടീസ് നൽകി കക്ഷിയെ കേട്ടശേഷം C ഫോം നോട്ടീസ് നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കും.

(സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീരസംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കയ്യേറിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു തിരിച്ചുപിടിക്കുന്നതിനായി 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

വസ്തുവിലേക്ക് വഴി അനുവദിക്കാൻ നടപടി

170(4801) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ആധാരത്തിൽ വഴിപറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേക്ക് പോലും വഴി തടസ്സപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ;

(ബി) റോഡരികിൽ ഗാർഹിക സൗകര്യങ്ങൾ ഒരുക്കുന്നവർ പുറകിൽ കഴിയുന്നവർക്ക് വഴി നടക്കാനുള്ള അവകാശം പോലും ലംഘിക്കുകയും പ്രസ്തുത വസ്തു കുറഞ്ഞ വിലയ്ക്ക് തട്ടിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വഴി തടസ്സപ്പെടുത്തുന്നതിനെതിരെ ആർ.ഡി.ഒ.-യ്ക്കും മറ്റും വരുന്ന പരാതി പരിഹരിക്കുന്നതിന് എന്ത മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊരു വസ്തുവിലേയ്ക്കുമുള്ള വഴികൾ തടയുന്നത് ക്രിമിനൽ കുറ്റമായി കണ്ട് കേസെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള ആധാരത്തിൽ വഴി പറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേക്കുള്ള വഴി തടസ്സപ്പെടുന്ന പരാതി സിവിൽ സ്വഭാവമുള്ള വിഷയമാകയാൽ ബന്ധപ്പെട്ട സിവിൽ കോടതി മുഖേന പ്രശ്നം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ വഴി തടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി സർക്കാർ ഭൂമിയിലുൾപ്പെട്ടതാണെങ്കിൽ അനധികൃത കയ്യേറ്റത്തിനെതിരെ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും സ്വകാര്യ വസ്തുവിലുൾപ്പെട്ട പരാതികൾ സിവിൽ കോടതി മുഖേന പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ 1973-ലെ സെക്ഷൻ 133 പ്രകാരം സബ്കളക്ടർ/ആർ.ഡി.ഒ. പൊതുവഴി തടസ്സം സംബന്ധിച്ച വിഷയങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമപ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

171(4802) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവേയർ ഗ്രേഡ് II തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിലെ സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.